# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89.

28.09.2016 ലെ മറുപടിയ്ക്ക്.

'വാത്സല്യനിധി' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീമതി.യു. പ്രതിഭാ ഹരി**<br>**ശ്രീ. യു. ആർ. പ്രദീപ്.** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പെൺകുട്ടി കൾക്കായി പ്രഖ്യാപിച്ചിട്ടുള്ള 'വാത്സല്യനിധി' പദ്ധതിയുടെ വിശദാംശം അറിയിക്കുമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും വാർഷികവരുമാനം ഒരു ലക്ഷത്തിൽ കുറവുള്ളതുമായ മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ സാമൂഹിക സാമ്പത്തിക ക്ഷേമം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയാണ് 'വാത്സല്യനിധി ' പട്ടികജാതി വികസന വകുപ്പിന്റേയും LIC of India യുടേയും പങ്കാളിത്തത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പ് 1,38,000/- രൂപ 4 ഇൻസ്റ്റാൾമെന്റുകളായി പെൺകുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്നു പെൺകുട്ടി ജനിച്ച് 6 മാസം പൂർത്തിയായിട്ടുള്ളതും ജനനരജിസ്ട്രേഷൻ ചെയ്തിട്ടുള്ളതും ജനിച്ച് ആദ്യ 90 ദിവസത്തിനുള്ളിൽ നിർബന്ധിത പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുള്ളതും നിശ്ചിത അപേക്ഷ ഫോമിൽ ടി പദ്ധതിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ളതുമായ ഗുണഭോക്താവിന് പദ്ധതിയുടെ ആദ്യ ഗഡുവായ 30,000/- രൂപ പട്ടികജാതി വികസന വകുപ്പ് നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 6 വയസ് പൂർത്തിയാകുമ്പോൾ സ്കൂൾ പ്രവേശനം നേടുകയും മറ്റ് നിർബന്ധിത പ്രതിരോധ കുത്തിവയ്പുകളും മെഡിക്കൽ പരിശോധനകളും പൂർത്തിയാക്കുമ്പോൾ പ്രസ്തുത സാക്ഷ്യപത്രം സമർപ്പിക്കുന്നത് പ്രകാരം പദ്ധതിയുടെ 2-ാം ഗഡുവായ 33,000/- രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 5-ാം ക്ലാസ് പാസ്സായതിനുശേഷം പദ്ധതിയുടെ 3-ാം ഗഡുവായ 36,000/-രൂപ നിക്ഷേപിക്കുന്നു. ടി ഗുണഭോക്താവ് 10-ാം ക്ലാസ് പാസ്സായതിനുശേഷം പദ്ധതിയുടെ അവസാന ഗഡുവായ 39,000/- രൂപ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണ വിക |

| | | | |
|---|---|---|---|
| | | | 3,00,000/- രൂപ ഉപരിപഠനത്തിനോ മറ്റ് നിർമ്മാണ വികസന പ്രക്രിയകൾക്കോ ഉപയോഗിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് കൂടാതെ ടി ഗുണഭോക്താവിന്റെ കുടുംബത്തിലെ ഒരു കുട്ടിക്ക് 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കാലഘട്ടങ്ങളിൽ 1200 രൂപ വീതം ഓരോ വർഷവും സ്കോളർഷിപ്പായി അനുവദിക്കുന്നതാണ്. ഈ പദ്ധതിയിൻ കിഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പട്ടികജാതി പെൺകുട്ടികൾ സ്പോർട്സ്/അത്‌ലറ്റിക്സിൽ മികവു പുലർത്തിയാൽ അവർക്ക് പ്രത്യേക കാഷ് അവാർഡും അവരുടെ മുഴുവൻ കോച്ചിംഗ് ചെലവും വഹിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഈ കുട്ടികൾക്ക് മാരകമായ രോഗങ്ങൾ പിടിപെട്ടാൽ അതിന്റെ മുഴുവൻ ചികിത്സാചെലവും വഹിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) | പദ്ധതിയിൽ ചേരാനായി ഗുണഭോക്തൃവിഹിതം നൽകേണ്ടതായിട്ടുണ്ടോ ; സർക്കാർ എത്ര തുക നിധിയുടെ ആവശ്യത്തി നായി നിക്ഷേപിക്കുമെന്നും ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണെന്നും അറിയിക്കുമോ ; | (ബി) | പദ്ധതിയിൽ ചേരുന്നതിന് ഗുണഭോക്തൃ വിഹിതം നൽകേണ്ടതില്ല. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി ഓരോ കുട്ടിയുടേയും പേരിൽ പട്ടികജാതി വികസന വകുപ്പ് 1,38,000/ രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി നിക്ഷേപിക്കുന്നു. 'LIC of India' മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയും അതിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡവും വ്യക്തമാക്കുമോ ? | (സി) | 'വാത്സല്യനിധി' പദ്ധതിയിലേക്ക് 2016-17 വർഷം മുതൽ ജനിക്കുന്ന പട്ടികജാതി പെൺകുട്ടികളെ ഉൾപ്പെടുത്താവുന്നതാണ്. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. ഗുണഭോക്താവിന്റെ പേരിൽ 1,38,000/ രൂപ 4 ഘട്ടങ്ങളിലായി സർക്കാർ നിക്ഷേപിക്കുകയും ടി ഗുണഭോക്താവിന് 18 വയസ്സ് പ്രായപൂർത്തിയാവുമ്പോൾ 3,00,000/രൂപ ലഭിക്കുന്നതുമാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.